# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്

## ഓട്ടം ഓടുക

### I. ക്രിസ്തീയജീവിതം ഒരു ഓട്ടമാകുന്നു

ഈ ദൂതിൽ നാം ക്രിസ്തീയ ഓട്ടത്തിലേക്കു വരുന്നു. ക്രിസ്തീയ ജീവിതം ഒരു ഓട്ടമാണ്. രക്ഷിക്കപ്പെട്ട ഓരോ ക്രിസ്ത്യാനിയും സമ്മാനം നേടുന്നതിനായി ഓട്ടം ഓടണം (1 കൊരി. 9:24). ഈ സമ്മാനം ഒരു പൊതുവായ അർഥത്തിലുള്ള രക്ഷയല്ല (എഫെ. 2:8; 1 കൊരി. 3:15), പിന്നെയോ ഒരു പ്രത്യേക അർഥത്തിൽ ഒരു പ്രതിഫലമാണ് (എബ്രാ. 10:35; 1 കൊരി. 3:14). ക്രിസ്തീയ ജീവിതത്തെ ഏറെക്കുറെ ഒരു ഓട്ടത്തോട് ഉപമിച്ച ഒരേയൊരു വ്യക്തി ഓട്ടം ഓടുകയും സമ്മാനം നേടുകയും ചെയ്ത അപ്പൊസ്തലനായ പൗലൊസാണ്. "നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക" (12:1) എന്നു പറഞ്ഞുകൊണ്ട് എബ്രായലേഖനത്തിൽ അവൻ എബ്രായ വിശ്വാസികളോട് ഓട്ടം ഓടുവാൻ ആജ്ഞാപിച്ചു.

ഇപ്പോൾ നാം വളരെ കുഴപ്പിക്കുന്ന ഒരു ചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു: എന്താണ് ഈ ഓട്ടം? ഓട്ടം തികവോ തേജസ്കരണമോ ആണെന്ന് നാം പറയരുത്, കാരണം അത് ഓട്ടത്തിന്റെ ലക്ഷ്യമാണ്. ഓട്ടം ജീവപ്രമാണത്തിന്റെ ആന്തരിക പ്രവർത്തനമല്ല, കാരണം അത് ഓട്ടത്തിന്റെ പ്രക്രിയയാണ്. ഓട്ടം ദേഹിയെ നഷ്ടമാക്കുന്നതുമല്ല, കാരണം അത് ഓട്ടം ഓടാനുള്ള മാർഗമാണ്; അത് ഓട്ടം തന്നെയല്ല. ഈ ചോദ്യത്തിന്റെ ഉത്തരത്തിന് നാം യോഹന്നാൻ 14:6-ലെ "വഴി ഞാൻ ആകുന്നു" എന്ന കർത്താവിന്റെ വാക്കിനെ പരിഗണിക്കേണ്ടതാവശ്യമാണ്. ഒരു ഓട്ടം ഒരു വഴിയാണ്, ഒരു ഗതിയാണ്. ക്രിസ്തു വഴിയായതുകൊണ്ട് അവൻ ഓട്ടവുമാണ്. നാം ഓടുന്ന ഓട്ടം ക്രിസ്തുവാണ്. നമ്മുടെ വഴി നമ്മുടെ ഓട്ടമാണ്. ഒന്ന് വഴിയും മറ്റൊന്ന് ഓട്ടവും എന്നിങ്ങനെ ഇത് രണ്ടു കാര്യങ്ങളല്ല. ഇല്ല, നാം നടക്കുന്ന വഴിയാണ് നാം ഓടുന്ന ഓട്ടം. അതുകൊണ്ട്, വഴിയായ ക്രിസ്തുവാണ് ഓട്ടം. നാൽപതു വർഷത്തിലേറെയായി

ഓട്ടം ഓടുകയെന്ന ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ ശുശ്രൂഷ ചെയ്തുവരുന്നെങ്കിലും, ഈ ഓട്ടം ക്രിസ്തു തന്നെയാണെന്ന് ഇപ്പോൾ എനിക്ക് വ്യക്തമായിരിക്കുന്നതുപോലെ മുമ്പൊരിക്കലും വ്യക്തമായിരുന്നില്ല.

ദൈവത്തിന്റെ വഴിയെക്കുറിച്ച് നാമെല്ലാവരും വ്യക്തതയുള്ളവരായിരിക്കണമെന്ന് ഞാൻ ഭാരപ്പെടുന്നു. നാം എടുക്കേണ്ട നിസ്തുല വഴി ദൈവം പ്രപഞ്ചത്തിൽ ഒരുക്കിയിരിക്കുന്നു. ഈ വഴിക്ക് ആരംഭമോ അവസാനമോ ഇല്ല; അത് അനന്തമാണ്, നിത്യതമുതൽ നിത്യതവരെ എത്തുന്നു. ഉല്പത്തി 1 മുതൽ വെളിപ്പാട് 22 വരെ ക്രിസ്തു എന്ന ഒരേയൊരു വഴിയേയുള്ളൂ. ക്രിസ്തു വെളിവാകുന്നതിനുമുമ്പ്, ദൈവത്തിന്റെ വഴി എന്ന നിലയിൽ ക്രിസ്തുവിനെ സംബന്ധിച്ച ഈ കാര്യത്തെ സൂചിപ്പിക്കുന്നതിന് ദൈവം മുൻകുറികളെ ഉപയോഗിച്ചു, അതിൽ ഏറ്റവും ശ്രദ്ധേയമായത് കൂടാരമായിരുന്നു. നാം കണ്ടതുപോലെ, കൂടാരത്തിന് മൂന്നു ഭാഗങ്ങളുണ്ട്: പ്രാകാരവും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും. കൂടാരത്തിന്റെ ഈ മൂന്നു ഭാഗങ്ങളിൽ, ഒരു വഴിയുണ്ട്, അത് യാഗപീഠത്തിൽനിന്നും ആരംഭിക്കുകയും, തൊട്ടി, കാഴ്ചയപ്പത്തിന്റെ മേശ, നിലവിളക്ക്, ധൂപപീഠം എന്നിവയിലൂടെ കടന്നുപോയി, ജീവപ്രമാണം ഇരിക്കുന്നിടമായ പെട്ടകത്തിലേക്ക് നമ്മെ ആനയിക്കുന്നു. കൂടാരത്തിലെ വഴി നമ്മുടെ നിസ്തുലമായ വഴിയായ ക്രിസ്തുവിന്റെ ഒരു ചിത്രമാണ്. നാം കാണാൻ പോകുന്നതുപോലെ, ഈ വഴിയെ ഒരു ഓട്ടം എന്നു വിളിക്കാൻ ഒരു കാരണമുണ്ട്.

തന്റെ സ്വരൂപത്തിൽ സൃഷ്ടക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ വഴിയിലായിരിക്കണമെന്നതാണ് ദൈവത്തിന്റെ ഇംഗിതമെന്ന് ഉല്പത്തി 1-ഉം 2-ഉം അധ്യായങ്ങൾ വെളിപ്പെടുത്തുന്നു. 2 കൊരിന്ത്യർ 4:4-ഉം, കൊലൊസ്യർ 1:15-ഉം അനുസരിച്ച്, ദൈവത്തിന്റെ സ്വരൂപം ക്രിസ്തുവാണ്. അങ്ങനെ, മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നത് അവൻ ക്രിസ്തുവിനനുസൃതമായി സൃഷ്ടിക്കപ്പെട്ടു എന്നാണ് അർഥമാക്കുന്നത്. അവൻ ദൈവത്തിന്റെ വഴിയായ ക്രിസ്തുവിൽ ആയിരിക്കേണ്ടതിന് അവൻ ക്രിസ്തുവിനനുസൃതായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഉല്പത്തി 2-ൽ മനുഷ്യനെ ജീവവൃക്ഷത്തിനു മുന്നിൽ നിർത്തി, അത് നമ്മുടെ ജീവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അതുകൊണ്ട്, മനുഷ്യൻ ക്രിസ്തുവിനനുസൃതമായി സൃഷ്ടിക്കപ്പെട്ടുവെന്നു മാത്രമല്ല, ക്രിസ്തുവിനെ തന്റെ ജീവനായി എടുക്കുവാനും നിയോഗിക്കപ്പെട്ടിരുന്നു. മനുഷ്യൻ ഇത് ചെയ്തിരുന്നെങ്കിൽ, അവൻ ഉടനെതന്നെ ദൈവത്തിന്റെ വഴിയിലാകുമായിരുന്നു. എന്നാൽ, മനുഷ്യനെ സൃഷ്ടിക്കുകയും മനുഷ്യൻ ദൈവത്തിന്റെ നിസ്തുല വഴിയിൽ ആകുകയും ചെയ്യുന്നതിനുമുമ്പ്, ദൈവത്തിന്റെ

വഴിയിൽനിന്നും ക്രിസ്തു അല്ലാത്ത മറ്റൊന്നിലേക്ക് മനുഷ്യനെ വ്യതിചലിപ്പിക്കുവാൻ സാത്താൻ കടന്നുവന്നു. എന്നാൽ, വ്യതിചലിപ്പിക്കപ്പെട്ട മനുഷ്യനെ ദൈവത്തിന്റെ വഴിയിലേക്ക് മടക്കിക്കൊണ്ടുവരാനായി വീണ്ടെടുപ്പിന്റെ മാർഗം സ്ഥാപിക്കുവാൻ ദൈവം തന്റെ കരുണയിൽ വന്നു. ഹാബേൽ ഇത് പിന്തുടർന്നുവെങ്കിലും കയീൻ പിന്തുടർന്നില്ല. ഹാബേൽ ദൈവത്തിന്റെ വഴിയിലേക്ക് തിരികെ കൊണ്ടുവരപ്പെട്ടെങ്കിലും, സാത്താന്റെ അടുത്ത ചുവടുവെയ്പിലൂടെ കയീൻ ദൈവത്തിന്റെ യഥാർഥ വഴിയിലേക്ക് ഒരിക്കലും മടങ്ങിവരാതവണ്ണം വ്യതിചലിപ്പിക്കപ്പെട്ടു. പിന്നീട്, കൂടാരം അടിക്കുവാൻ ദൈവം യിസ്രായേൽമക്കളോട് കല്പിച്ചു. ദൈവം എന്താണെന്നതിന്റെ യാഥാർഥ്യത്തിലേക്ക് പാപികൾക്ക് പ്രവേശിക്കുവാൻ കഴിയുന്ന വ്യക്തമായ ഒരു വഴി കൂടാരത്തോടുകൂടെ ഉണ്ടായിരുന്നു. യിസ്രായേൽമക്കൾ ദൈവത്താൽ വിളിക്കപ്പെട്ടപ്പോൾ അവരെല്ലാവരും ദൈവത്തിന്റെ വഴിയിൽനിന്നും വ്യതിചലിച്ചുപോയ പാപികളായിരുന്നു. എന്നാൽ ദൈവം അവർക്ക് കൂടാരം കാണിച്ചുകൊടുത്തു, അതിൽ പ്രാകാരത്തിലെ യാഗപീഠത്തിൽനിന്നും അതിവിശുദ്ധസ്ഥലത്തിലെ പരണിതമായ ഇടത്തേക്ക്—ദൈവത്തിന്റെ മൂലകത്തിന്റെ ആസ്വാദനമായ, ജീവപ്രമാണത്തിലേക്ക്—പോകുവാൻ ഒരു വഴി ഉണ്ടായിരുന്നു. ഈ വഴിയിലുള്ള സകലവും ക്രിസ്തുവിന്റെ ഒരു വശത്തെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, മനുഷ്യന് ദൈവത്തിൽ എത്താനുള്ള വഴി ക്രിസ്തു മാത്രമാണ്.

എങ്കിലും, യെഹൂദന്മാരുടെ മതമായ യെഹൂദമതം ഒരു മതമുണ്ടാക്കാനായി കൂടാരത്തെയും പഴയനിയമവുമായി ബന്ധപ്പെട്ട സകലത്തെയും ദുർവിനിയോഗം ചെയ്തു. ദൈവത്തിന്റെ വിശുദ്ധ വചനപ്രകാരം രൂപീകരിച്ച മതം തന്നെ ഒടുവിൽ ദൈവജനത്തെ ദൈവത്തിന്റെ വഴിയിൽനിന്നും വ്യതിചലിപ്പിച്ചു. ദൈവത്തിന്റെ ജനം അവന്റെ അടുക്കൽ എത്തിച്ചേരാനും അവനിലേക്ക് പ്രവേശിക്കാനുമുള്ള വഴി കാണിച്ചുകൊടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടെയായിരുന്നു കൂടാരവും ആലയവും നിർമിച്ചത്. കർത്താവായ യേശു വന്നപ്പോൾ, പുരോഹിതന്മാർ ദൈവാലയത്തിൽ ദൈവത്തെ ആരാധിക്കുകയും, യാഗപീഠത്തിൽ യാഗം അർപ്പിക്കുകയും, വിളക്ക് ഒരുക്കുകയും, കാഴ്ചയപ്പം പ്രദർശിപ്പിക്കുകയും, ധൂപം കത്തിക്കുകയുമായിരുന്നു. ഇതെല്ലാം അവർ ചെയ്തത് ദൈവത്തെ ബന്ധപ്പെടുക എന്ന ഉദ്ദേശ്യത്തിനായിരുന്നു. എന്നാൽ കർത്താവായ യേശു ബെഥാന്യയിലെ കുഷ്ഠരോഗിയായ ശീമോന്റെ ഭവനത്തിൽ പോയി, അവിടെ ആ സഹോദരീ സഹോദരന്മാരുമായുള്ള കൂട്ടായ്മ അവൻ ആസ്വദിച്ചു. പുരോഹിതന്മാർ ദൈവാലയത്തിൽ ദൈവത്തെ ആരാധിക്കുമ്പോൾ ദൈവം ബെഥാന്യയിലെ ശീമോന്റെ

ഭവനത്തിലായിരുന്നു. വഴി ആയലയത്തിലായിരുന്നില്ല; വഴി—ക്രിസ്തു—ബെഥാന്യയിലെ ആ ഭവനത്തിലായിരുന്നു. ദൈവത്തിൽ എത്തിച്ചേരാനുള്ള വഴി കാണിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരുന്ന ആരാധനയും സേവനവുംപോലും ദൈവത്തിന്റെ നിസ്തുലമായ വഴിയായ ക്രിസ്തുവിൽനിന്നും ജനത്തെ വ്യതിചലിപ്പിക്കുവാൻ സാത്താൻ വിനിയോഗിച്ചു.

Wed തർസീസിലെ ശൗലിന്റെ ഉദാഹരണം നോക്കുക, അവൻ തികച്ചും യെഹൂദമതത്തിനു വേണ്ടി ആയിരുന്നു. തന്റെ നാട്ടുകാരായ പത്രൊസ്, യോഹന്നാൻ, സ്തെഫാനൊസ് മുതലായ ചിലർ ഈ മതത്തിലല്ലെന്ന് അവൻ മനസ്സിലാക്കിയപ്പോൾ, അവരോട് എതിർക്കുവാൻ അവൻ ഉത്തേജിപ്പിക്കപ്പെട്ടു. അപ്പോഴേക്കും വഴി ഒരു ഓട്ടമായിത്തീരുകയും, പത്രൊസും യോഹന്നാനും, സ്തെഫാനൊസും മറ്റു വിശ്വാസികളും അതിൽ ഓടുകയുമായിരുന്നു. വഴിയിലായിരുന്നവരെ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് തർസീസിലെ ശൗൽ ഈ വഴിയോരത്തുകൂടെ ഓടിക്കൊണ്ടിരിക്കുമ്പോൾ, കർത്താവായ യേശു അവന് പ്രത്യക്ഷനാകുകയും, അവനെ അടിച്ചുവീഴ്ത്തുകയും, ഈ വഴിയിലേക്ക് അവനെ തിരിക്കുകയും ചെയ്തു (പ്രവൃ. 9:1-6). ശൗൽ ക്രിസ്തുവിൽ ആയിരിക്കുകയും ഈ വഴിയിൽ നടക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, താൻ ഒരു എബ്രായനായി ജനിച്ചുവെന്നും എട്ടാം ദിവസം പരിച്ഛേദന ഏറ്റുവെന്നും ഇതിനെ വിട്ടുകളയണമോ എന്നും ചിന്തിച്ചുകൊണ്ട് അവൻ തന്റെ മത പശ്ചാത്തലത്തെയും വഴിയിലുടനീളമുള്ള സകല വ്യതിചലനങ്ങളെയുംകുറിച്ച് ചിന്തിച്ചുകാണും എന്നു ഞാൻ വിശ്വസിക്കുന്നു. ഒടുവിൽ താൻ ഒരു എബ്രായനാണെന്ന കാര്യം മറന്നുകളയണമെന്നും വഴിയിൽ നടക്കുക മാത്രമല്ല ഓടുകയും വേണമെന്ന് അവൻ മനസ്സിലാക്കി. നിങ്ങൾ ഒരു കാർ വേഗത്തിൽ ഓടിക്കുമ്പോൾ, പുറത്തേക്കുള്ള വഴിക്കുവേണ്ടി നോക്കുന്നില്ല. എന്നാൽ നിങ്ങൾ വേഗത കുറയ്ക്കുമ്പോൾ അത് അർഥമാക്കുന്നത് നിങ്ങൾ പുറത്തേക്കുള്ള ഒരു വഴി അന്വേഷിക്കുന്നു എന്നാണ്. ശൗൽ വേഗം കൂട്ടാൻ തുടങ്ങുകയും, അവന്റെ പേര് പൗലൊസ് എന്നു മാറ്റുകയും ചെയ്തു. ഓടിയതിലൂടെ, വഴി ഒരു ഓട്ടമായി മാറി.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ഒരു വിശുദ്ധനെന്ന നിലയിൽ, നിങ്ങൾ വഴിയിൽ നടക്കുകയാണോ അതോ ഓട്ടം ഓടുകയാണോ? നാം വഴിയിൽ നടക്കുകയാണെങ്കിൽ, ഒരു ദിവസം നാം പുറത്തേക്ക് നടക്കും. നാം മൃദുവായും സാവധാനത്തോടും നടക്കുന്നുവെങ്കിൽ, മറ്റേതെങ്കിലും വഴിയാൽ നാം വ്യതിചലിപ്പിക്കപ്പെടും. എന്നാൽ ചുറ്റും നോക്കാൻ സമയമെടുക്കാതെയും ലക്ഷ്യത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടും നാം ഓട്ടം ഓടുകയാണെങ്കിൽ, നാം വ്യതിചലിച്ചുപോകയില്ല. മുന്നോട്ടായുവാനും ഓട്ടം ഓടാനുമുള്ള ഏറ്റവും വലിയ പ്രോത്സാഹനം

പൗലൊസിനുണ്ടായിരുന്നു: ചുറ്റും നോക്കാനോ മറ്റൊന്നും പരിഗണിക്കാനോ അവന് ഒട്ടും സമയം ഇല്ലായിരുന്നു. ശരിയായ എബ്രായ വിശ്വാസിയെപ്പോലെ പൗലൊസ് ഒരിക്കലും ചഞ്ചലപ്പെട്ടില്ലെങ്കിലും, അവൻ തന്റെ പശ്ചാത്തലം പരിഗണിച്ചിട്ടുണ്ടായിരിക്കണം. ദമസ്കൊസിലേക്കുള്ള വഴിയിൽവച്ച് കർത്താവ് അവനെ അടിച്ചു വീഴ്ത്തിയതിനുശേഷം, യെഹൂദ മതത്തിലെ തന്റെ ജീവിതത്തെക്കുറിച്ച് അവൻ ഓർത്തിട്ടുണ്ടായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഒരുപക്ഷേ അവൻ പറഞ്ഞുകാണും, "എനിക്ക് നിരവധി നല്ല കാര്യങ്ങൾ ഉണ്ടായിരുന്നു. ആലയം വ്യാജമാണോ, പൗരോഹിത്യം തെറ്റാണോ? അവ ദൈവത്താൽ നിയോഗിക്കപ്പെട്ടവയല്ലേ? തന്റെ മത പശ്ചാത്തലത്തെക്കുറിച്ച് അവൻ ഒരിക്കലും ചിന്തിച്ചിട്ടില്ലെങ്കിൽ, ഗലാത്യർ 1-ഉം, ഫിലിപ്പിയർ 3-ഉം, എബ്രായലേഖനം മുഴുവനും ഇത്ര വ്യക്തമായി എഴുതുവാൻ അവന് കഴിയുമായിരുന്നില്ല. അവൻ ഈ സകല കാര്യങ്ങളും അനുഭവിക്കുന്ന ഒരു ശരിയായ എബ്രായ വിശ്വാസി ആയിരുന്നില്ലെങ്കിൽ, ചഞ്ചലിക്കുന്ന എബ്രായ ക്രിസ്ത്യാനികളെ സഹായിക്കാൻ അവന് കഴിയുമായിരുന്നില്ല. എന്നാൽ അവൻ അതേ സാഹചര്യത്തിലായിരിക്കുകയും പരിചയ സമ്പന്നനായ ഒരു രോഗിയായി അതേ 'രോഗത്താലുള്ള കഷ്ടം സഹിക്കുകയും ചെയ്തിരുന്നു. പരിചയസമ്പന്നനായ ഒരു രോഗി ഒരു നല്ല വൈദ്യനായിത്തീരും എന്നു പറയുന്ന ഒരു പഴഞ്ചൊല്ലുണ്ട്. നാം കാണാൻ പോകുന്നതുപോലെ, പൗലൊസ് ഒരു വൈദ്യനായിരുന്നു, മുടന്താരാകുമെന്ന അപകടത്തിലായിരുന്നവരെ സുഖപ്പെടുത്തുവാൻ അവനു കഴിഞ്ഞു. അവൻതന്നെ ഒരിക്കൽ അതേ അപകടത്തിലായിരിക്കുകയും, സുഖം പ്രാപിക്കുകയും ചെയ്തു. തൽഫലമായി, ചഞ്ചലിച്ചുകൊണ്ടിരുന്ന എബ്രായ ക്രിസ്ത്യാനികൾക്കുള്ള പ്രതിവിധി അവന് അറിയാമായിരുന്നതുകൊണ്ട്, അവർക്ക് ശരിയായ മരുന്ന് നൽകുവാൻ അവനു കഴിഞ്ഞു. എബ്രായലേഖനത്തിൽ, മുടന്തരായവരെ ഓട്ടം ഓടുവാൻ മടക്കിക്കൊണ്ടുവരേണ്ടതിന് പൗലൊസ് അവർക്ക് ഏറ്റവും നല്ല ചികിത്സ നൽകി.

ക്രിസ്തുവിനെ നമ്മുടെ മാതൃകയും നമ്മെയെല്ലാം ആ മാതൃകയുടെ പുനരുല്പാദനവും ആക്കിക്കൊണ്ട് നമ്മെ ക്രിസ്തുവിലേക്കു വയ്ക്കുകയും നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തുവിനെ പണിതുചേർക്കുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. നാം കണ്ടതുപോലെ, ഇത് നമ്മുടെ തികവിലും തേജസ്കരണത്തിലും പരിണമിക്കും. എബ്രായലേഖനം എഴുതിയപ്പോൾ, എബ്രായ വിശ്വാസികളിൽ അനേകരും തങ്ങളുടെ പശ്ചാത്തലം പരിഗണിക്കുകയും വഴിയിൽ നടക്കുകയോ നിശ്ചലമായി നിൽക്കുകയോ പോലും ചെയ്തിരുന്നു. അവർ ആലയത്താലും, പൗരോഹിത്യത്താലും, യാഗങ്ങളാലും വ്യതിചലിച്ചു പോകാനുള്ള അപകടത്തിലായിരുന്നു. ഒന്നുകിൽ

അവർ യെഹൂദമതത്തിൽ കുടുങ്ങിക്കിടക്കുകയോ അല്ലെങ്കിൽ ആ മതത്തിലേക്ക് പിൻവാങ്ങുകയും അതിവിശുദ്ധസ്ഥലത്തിലേക്ക് മുന്നോട്ട് വരാതിരിക്കുകയും ചെയ്യുന്നതിനുള്ള അപകടത്തിലായിരുന്നു. ഇതിനർഥം ദൈവത്തിന്റെ ലക്ഷ്യത്തിൽനിന്നും ദൈവജനത്തെ അവന്റെ വഴിയിൽനിന്ന് വ്യതിചലിപ്പിക്കുവാൻ ശത്രു ഉപയോഗിച്ച ഒന്നിലേക്ക് അവർ തിരിയുവാനുള്ള അപകടത്തിലായിരുന്നു എന്നാണ്. അങ്ങനെ, പതിനൊന്ന് അധ്യായങ്ങളിൽ അവൻ വഴിയെ സംബന്ധിച്ച് വ്യക്തമായ ഒരു വീക്ഷണം എബ്രായ വിശ്വാസികൾക്ക് നല്കിയശേഷം എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നമുക്ക് ഓട്ടം ഓടാം. നിശ്ചലരായി നിൽക്കുകയോ, തിരിഞ്ഞുനോക്കുകയോ, ചുറ്റും നോക്കുകയോ ചെയ്യരുത്. നടക്കുകപോലും അരുത്—ഓടുക." ക്രിസ്തുവിനെ ഉപേക്ഷിക്കുകയും യെഹൂദമതത്തിലേക്ക് മടങ്ങുകയും ചെയ്യുന്നത് നാം വിസമ്മതിക്കുക മാത്രമല്ല, നാം ക്രിസ്തുവിൽ നിശ്ചലരായി നിൽക്കുകയും അരുത്. ക്രിസ്തുവിൽ നടക്കുന്നതുപോലും അപര്യാപ്തമാണ്. നാം ഓട്ടം ഓടണം. പരിഗണിക്കുന്നതിനോ, ചുറ്റും നോക്കുന്നതിനോ, നിശ്ചലരായി നിൽക്കുന്നതിനോ പതുക്കെ നടക്കുന്നതിനോ സമയമെടുക്കരുത്. നിങ്ങൾ ഓട്ടം ഓടണം. ഓട്ടം എന്താണെന്ന് ഇപ്പോൾ നമുക്ക് വ്യക്തമായിട്ടുണ്ടാകും—അത് നമ്മുടെ വഴിയായ ക്രിസ്തു തന്നെയാണ്. എന്നാൽ ഈ വഴിയെ നാം ഒരു വഴിയായി എടുക്കരുത്; ഓടാനുള്ള ഒരു ഓട്ടമായി നാം അതിനെ എടുക്കണം.

ആറാം അധ്യായത്തിൽ നമ്മോട് ഓടിപ്പോകുവാൻ പൗലൊസ് പറഞ്ഞു. നാം സകലവും വിട്ട് നമ്മുടെ മുൻഗാമിയായ യേശുക്രിസ്തു തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചിടമായ അതിവിശുദ്ധസ്ഥലത്തിലേക്ക് ഓടിപ്പോകണം. ഇതാണ് ഓട്ടം ഓടുക എന്നതിന്റെ അർഥം.

## II. പുതിയ ഉടമ്പടിയുടെ എല്ലാ വിശ്വാസികളും ഈ ഓട്ടം ഓടണം

### A. സകല തടസ്സവും ഭാരവും ചുമടും പ്രതിബന്ധവും മാറ്റിവച്ചുകൊണ്ട്

എബ്രായർ 12:1 പറയുന്നു, "അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക." "തടസ്സം" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദത്തെ "ചുമട്," "ഭാരം," "പ്രതിബന്ധം" എന്നും വിവർത്തനം ചെയ്യാം. ഓട്ടത്തിൽ വിജയിക്കുവാൻ പ്രതിബന്ധങ്ങൾ ഇല്ലാതിരിക്കേണ്ടതിന് ഓട്ടമത്സരത്തിലെ ഓട്ടക്കാർ അനാവശ്യമായ ഏതു ചുമടും,

തടസ്സപ്പെടുത്തുന്ന ഏതു ഭാരവും ഉരിഞ്ഞുകളയേണ്ടതാണ്. ഈ വിഷയത്തിൽ "നിങ്ങൾ" എന്നല്ല, തന്നെയും ഉൾപ്പെടുത്തിക്കൊണ്ട് "നാമും" എന്ന് പൗലൊസ് ഇവിടെ പറയുന്നു എന്നതു ശ്രദ്ധിക്കുക.

## B. അനായാസം കുരുക്കുന്ന പാപത്തെ നീക്കിയിട്ട്

വാക്യം 1 "നമ്മെ അനായാസം കുരുക്കുന്ന പാപത്തെ"ക്കുറിച്ചു പറയുന്നു. 10:26-ൽ പറഞ്ഞിരിക്കുന്ന മനഃപൂർവമായ പാപം എബ്രായ വിശ്വാസികളെ ദൈവത്തിന്റെ വ്യവസ്ഥയിലെ പുതിയ ഉടമ്പടിയുടെ വഴിയിൽനിന്നും അകറ്റിനിർത്തുന്നതുപോലെ, ഇവിടെ പാപം മുഖ്യമായും പരാമർശിക്കുന്നത് ഓട്ടം ഓടുന്നതിൽനിന്നും നമ്മെ കുരുക്കുന്ന കാര്യത്തെയാണ്. തടസ്സപ്പെടുത്തുന്ന ഭാരവും കുരുക്കുന്ന പാപവും എബ്രായ വിശ്വാസികളെ യെഹൂദമതത്താൽ തിരസ്കരിക്കപ്പെട്ടവനായ യേശുവിനെ അനുഗമിക്കുന്ന പുതിയ ഉടമ്പടിയുടെ വഴിയിൽ സ്വർഗീയ ഓട്ടം ഓടുന്നതിൽനിന്ന് അവരെ തടയുകയും പിടിച്ചുനിർത്തുകയും ചെയ്യും. ചഞ്ചലിക്കുന്ന എബ്രായ വിശ്വാസികളെ സംബന്ധിച്ചിടത്തോളം, പിൻവാങ്ങുന്നതിന്റെയും യെഹൂദമതത്തിലേക്ക് മടങ്ങുന്നതിന്റെയും ചിന്ത കുരുക്കുന്ന ഒരു പാപമായിരുന്നു. ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന പാപം സവിശേഷവും നിസ്തുലവുമാണ്, കാരണം പൗലൊസ് പാപത്തിന് വിവേചകഭേദകം ഉപയോഗിച്ചിരിക്കുന്നു. ഈ നിസ്തുലമായ, കുരുക്കുന്ന പാപം വിശുദ്ധന്മാരോടുകൂടെയുള്ള കൂടിവരവിനെ ഉപേക്ഷിക്കുകയും, പുതിയ ഉടമ്പടിയുടെ വഴി വിട്ടുകളയുകയും, യെഹൂദമതത്തിലേക്ക് മടങ്ങിപ്പോകുകയും ചെയ്യുന്ന മനഃപൂർവമായ പാപമായിരുന്നു.

## C. സഹിഷ്ണുതയോടെ

ഈ ഓട്ടത്തിന് വളരെയധികം എതിർപ്പുണ്ട്. അതിനാൽ, നാം സഹിഷ്ണുതയോടെ ഓടണം (12:1). ഇതർഥമാക്കുന്നത് ക്രിസ്തുവിന്റെ ഓട്ടം ഓടുന്നതിന്, ഒരിക്കലും നമ്മുടെ ദേഹികളിൽ തളർന്നുപോകുകയോ നിരുത്സാഹപ്പെടുകയോ ചെയ്യാതെ നാം എതിർപ്പുകളെ സഹിഷ്ണുതയോടെ സഹിക്കണം എന്നാണ്.

## D. സകല കാര്യങ്ങളിൽനിന്നും നോക്കിക്കൊണ്ട്

വാക്യം 2-ൽ വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ യേശുവിങ്കലേക്കു നോക്കുക എന്ന് പൗലൊസ് എബ്രായ വിശ്വാസികളോടു പറഞ്ഞു. "നോക്കുക" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന യവനപദം അർഥമാക്കുന്നത്, മറ്റെല്ലാ വസ്തുക്കളിൽനിന്നും തിരിഞ്ഞുകൊണ്ട് പതറാത്ത ശ്രദ്ധയോടെ നോക്കുക എന്നാണ്. നൂറു മീറ്റർ ഓട്ടം പോലെയുള്ള ഒരു ഓട്ടമത്സരത്തിലെ ഓട്ടക്കാർ മറ്റെല്ലാ കാര്യങ്ങളിൽനിന്നും തിരിയുകയും പതറാത്ത ശ്രദ്ധയോടെ

ലക്ഷ്യത്തിലേക്ക് നോക്കുകയും ചെയ്യുന്നു. ഈ വാക്യത്തിൽ പൗലൊസ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായ സഹോദരന്മാരേ, ചിന്തിച്ചും ചുറ്റും നോക്കിയുംകൊണ്ട് അവിടെ നിൽക്കരുത്. ക്രിസ്തു അല്ലാത്ത മറ്റെല്ലാ കാര്യങ്ങളിൽനിന്നും നിങ്ങൾ മുഖംതിരിക്കുകയും പതറാത്ത ശ്രദ്ധയോടെ അവനിലേക്ക് നോക്കുകയും വേണം. ഇതാണ് ഓട്ടം ഓടുവാനുള്ള വഴി." സ്വർഗത്തിൽ ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കുന്ന യേശുവിങ്കലേക്ക് നോക്കേണ്ടതിന് എബ്രായ വിശ്വാസികൾ അവരുടെ സാഹചര്യത്തിലെ സകല കാര്യങ്ങളിൽനിന്നും, പഴയ മതത്തിൽനിന്നും അതിന്റെ ഉപദ്രവത്തിൽനിന്നും, ഭൗമികമായ എല്ലാ വസ്തുക്കളിൽനിന്നും അവങ്കലേക്ക് നോക്കണമായിരുന്നു.

## E. സ്വർഗത്തിൽ ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന യേശുവിങ്കലേക്ക് നോക്കിക്കൊണ്ട്

പൗലൊസ് എബ്രായ വിശ്വാസികളോട് പറഞ്ഞു, "വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു." 1:3 മുതൽ, ഈ പുസ്തകം സ്വർഗത്തിൽ ഇരിക്കുന്ന ക്രിസ്തുവിനെ നമുക്ക് നിരന്തരം ചൂണ്ടികാണിക്കുന്നു. മറ്റെല്ലാ ലേഖനങ്ങളിലും മുഖ്യമായും നമ്മുടെ ജീവനും സകലവുമാകുവാൻ ജീവൻ നല്കുന്ന ആത്മാവായി (1 കൊരി. 15:45) നമ്മുടെ ആത്മാവിൽ വസിക്കുന്ന ക്രിസ്തുവിനെ പൗലൊസ് നമുക്ക് അവതരിപ്പിക്കുന്നു (റോമ. 8:10; 2 തിമൊ 4:22). എന്നാൽ ഈ പുസ്തകത്തിൽ, എല്ലാ വിധത്തിലും നമുക്കുവേണ്ടി കരുതുന്നതിന് നിരവധി വശങ്ങളോടുകൂടെ സ്വർഗത്തിൽ ഇരിക്കുന്ന ക്രിസ്തുവിനെ അവൻ പ്രത്യേകമായി നമുക്ക് കാണിച്ചുതരുന്നു. പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ, ഉൾവസിക്കുന്ന ക്രിസ്തു നമ്മുടെ ജഡത്തിനും, സ്വയത്തിനും, സ്വാഭാവിക മനുഷ്യനും എതിരാണ്. ഈ പുസ്തകത്തിൽ, സ്വർഗീയനായ ക്രിസ്തുവിനെ ഭൗമികമായ മതത്തോടും എല്ലാ ഭൗമിക വസ്തുക്കളോടും താരതമ്യം ചെയ്യുന്നു. ഉൾവസിക്കുന്ന ക്രിസ്തുവിനെ അനുഭവമാക്കുന്നതിന് നമ്മുടെ ആത്മാവിലേക്ക് നാം തിരിയുകയും അവനെ ബന്ധപ്പെടുകയും വേണം. സ്വർഗീയനായ ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം ഭൂമിയിലെ എല്ലാ കാര്യങ്ങളിൽനിന്നും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്നവങ്കലേക്ക് നോക്കണം. അവന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ദൈവത്തിനും നമുക്കും ആവശ്യമായതെല്ലാം അവൻ നിവർത്തിച്ചിരിക്കുന്നു. ഇപ്പോൾ അവന്റെ ആരോഹണത്തിൽ

അവൻ, ദൈവപുത്രനും (1:5) മനുഷ്യപുത്രനും (2:6) ആകുന്ന വ്യക്തിയിലും, ദൈവവും (1:8) മനുഷ്യനും ആകുന്ന വ്യക്തിയിലും (2:6), സകലത്തിന്റെയും അവകാശിയായി നിയമിക്കപ്പെട്ടവനായും (1:2), ദൈവത്തിന്റെ അഭിഷിക്തനും (1:9), നമ്മുടെ രക്ഷാനായകനും (2:10), വിശുദ്ധീകരിക്കുന്നവനും (2:11), തൽക്ഷണ സഹായിയും സ്ഥിരമായ ഉതവിയും (2:18), ദൈവത്തിൽനിന്നുള്ള അപ്പൊസ്തലനും (3:1), മഹാപുരോഹിതനും (2:17; 4:14; 7:26), സത്യ കൂടാരത്തിലെ ശുശ്രൂഷകനും (8:2) ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടിയവനും (8:6), മേന്മയേറിയ ഉടമ്പടിയുടെ ഈടും മധ്യസ്ഥനും (7:22; 8:6; 12:24), പുതിയനിയമം നടപ്പിലാക്കുന്നവനും (9:16-17), മുൻഗാമിയും (6:20), വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനും (12:2), ആടുകളുടെ മഹാ ഇടയനും (13:20) ആയി സ്വർഗത്തിൽ ഇരിക്കുന്നു. ഇങ്ങനെയുള്ള അത്ഭുതവാനും സർവവും ഉൾക്കൊള്ളുന്നവനുമായ വങ്കലേക്ക് നാം നോക്കുന്നുവെങ്കിൽ, അവൻ, സ്വർഗവും, ജീവനും, ബലവും നമുക്ക് ശുശ്രൂഷിച്ചുകൊണ്ട്, സ്വർഗീയ ഓട്ടം ഓടുവാനും, നമ്മെ ആജീവനാന്ത പാതയിലൂടെ വഹിക്കുകയും, നയിക്കുകയും, തേജസ്സിലേക്ക് കൊണ്ടുവരുകയും (2:10) ചെയ്തുകൊണ്ട് ഭൂമിയിൽ സ്വർഗീയ ജീവിതം ജീവിക്കുവാനും നമ്മെ പ്രാപ്തരാക്കേണ്ടതിന് അവനായിരിക്കുന്ന സകലത്തെയുംകൊണ്ട് നമ്മെ സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്യും.

സ്വർഗത്തിൽ സിംഹാസനസ്ഥനാക്കപ്പെട്ടവനും "തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിഞ്ഞിരിക്കുന്നവനുമായ" അത്ഭുതവാനായ യേശു (2:9) തന്റെ എല്ലാ അന്വേഷകരെയും തന്നിലേക്ക് ആകർഷിക്കുന്ന ഒരു വലിയ കാന്തം പോലെ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ആകർഷണമാണ്. അവനല്ലാത്ത സകല കാര്യങ്ങളിൽനിന്നും നാം അവങ്കലേക്ക് നോക്കുന്നത് അവന്റെ മനം കവരുന്ന സൗന്ദര്യത്താൽ ആകർഷിക്കപ്പെടുന്നതിനാലാണ്. ഇത്രയും മനം കവരുന്നതായ ഒരു വസ്തുവിനെക്കൂടാതെ, ഈ ഭൂമിയിലെ ശ്രദ്ധ തിരിക്കുന്ന നിരവധി കാര്യങ്ങളിൽനിന്നും നമുക്കെങ്ങനെയാണ് അവങ്കലേക്ക് നോക്കുവാൻ കഴിയുന്നത്?

## F. തനിക്കുനേരെ പാപികളാൽ ഇങ്ങനെയുള്ള വൈരുദ്ധ്യം സഹിച്ചവനെ തുലനം ചെയ്തുകൊണ്ട്

വാക്യം 3 പറയുന്നു, "നിങ്ങളുടെ ദേഹിയിൽ തളർന്ന്, മടുത്തുപോകാതിരിക്കേണ്ടതിന്, തനിക്കുനേരെ പാപികളാൽ ഇങ്ങനെയുള്ള വൈരുദ്ധ്യം സഹിച്ചവനെ തുലനം ചെയ്യുക." ഈ ഹ്രസ്വമായ വചനം നാലു സുവിശേഷങ്ങളിലേക്ക് നമ്മെ നയിക്കുന്നു, അവിടെ പാപികളിൽനിന്നും ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ ക്രിസ്തു എങ്ങനെ സഹിച്ചുവെന്നു നാം കാണുന്നു. അക്കാലത്ത്, പാപികൾ മതവിശ്വാസികളും, യെഹൂദമതഭക്തന്മാരും, പുരോഹിതന്മാരും,

ശാസ്ത്രിമാരും, ജനങ്ങളുടെ മൂപ്പന്മാരും ആയിരുന്നു. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ വഴിയിൽനിന്നും അവനെ തടസ്സപ്പെടുത്താനോ തടയാനോ തങ്ങളാലാവോളം ചെയ്തുകൊണ്ടിരുന്ന ഈ എതിരാളികളെയെല്ലാം അവൻ നേരിട്ടു. എന്നാൽ അവനെ തടസ്സപ്പെടുത്താനായില്ല; പകരം, അവൻ ക്രൂശുമരണം സഹിച്ച് അതിനെ വെട്ടിമാറ്റി, വഴിയൊരുക്കി.

## G. രക്തം ചിന്തുവോളം ചെറുത്തുനിന്ന് പാപത്തിനെതിരെ പോരാടിക്കൊണ്ട്

വാക്യം 4 പറയുന്നു, "പാപത്തിനെതിരെ പോരാടിക്കൊണ്ട്, നിങ്ങൾ ഇതുവരെ രക്തം ചിന്തുവോളം ചെറുത്തുനിന്നിട്ടില്ല." ഇവിടെ പാപം പരാമർശിക്കുന്നത്, വിശ്വാസികളെ തടസ്സപ്പെടുത്തുകയും പുതിയ ഉടമ്പടി വഴിയിൽനിന്നും അവരെ പിടിച്ചുനിർത്തുകയും ചെയ്യുന്ന ദൈവദൃഷ്ടിയിൽ തിന്മയായ എന്തോ ഒന്നിനെ ആയിരിക്കണം കാരണം അതിനെ രക്തം ചിന്തുവോളം ചെറുത്തുനിൽക്കേണ്ടതാവശ്യമാണ്. .

## III. അപ്പൊസ്തലനായ പൗലൊസ് ഓട്ടം ഓടുന്നതിന്റെ ഉദാഹരണമാകുന്നു

പൗലൊസിന്റെ പശ്ചാത്തലം ശരിക്കും എബ്രായ വിശ്വാസികളുടേതായതുകൊണ്ട്, ഓട്ടം ഓടുന്നതിൽ ഒരു മാതൃകയാകുവാൻ അവൻ യോഗ്യനായിരുന്നു. ഗലാത്യർ 2:2-ഉം 1 കൊരിന്ത്യർ 9:26-ഉം 27-ഉം അവൻ എങ്ങനെ ഓട്ടം ഓടുവാൻ തുടങ്ങിയെന്നു കാണിക്കുന്നു. ഫിലിപ്പിയർ 3:5-8-ഉം 12-14-ഉം അവൻ അപ്പോഴും എങ്ങനെ ഓട്ടം ഓടുകയായിരുന്നുവെന്ന് കാണിക്കുന്നു. ഫിലിപ്പിയർ 3-ൽ പൗലൊസ് പഴയ യെഹൂദമതത്തെ വിട്ട് ഓട്ടം ഓടിക്കൊണ്ടിരിക്കുന്ന ഒരു ശരിയായ എബ്രായ വിശ്വാസിയായിരുന്നുവെന്ന് നാം കാണുന്നു. തന്റെ രക്തസാക്ഷിത്വത്തിന് തൊട്ടുമുമ്പെഴുതിയ 2 തിമൊഥെയൊസ് 4:7-ലും 8-ലും അവൻ ഓട്ടം പൂർത്തിയാക്കിയതായി നമ്മോടു പറഞ്ഞു.

ഓട്ടം ഓടിക്കൊണ്ടിരിക്കെ പൗലൊസ് പറഞ്ഞു, "എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു." (1 കൊരി. 9:27). രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് ഒരിക്കലും നശിച്ചുപോകാൻ കഴിയില്ലെങ്കിലും, അവൻ ഒരു നിരാകരിക്കപ്പെട്ടവനാകുവാനുള്ള സാധ്യത തീർച്ചയായും ഉണ്ട്. നിരാകരിക്കപ്പെടുകയെന്നാൽ ഓട്ടത്തിൽ വീണുപോകുക, ലക്ഷ്യത്തിലെത്താനുള്ള അവസരം നഷ്ടപ്പെടുത്തുക എന്നാണ്. താൻ ഒരു

നിരാകരിക്കപ്പെട്ടവനാകുമോ എന്ന് പൗലൊസ് ഭയപ്പെട്ടിരുന്നു. "നിരാകരിക്കപ്പെട്ടവൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തിന് കൊള്ളരുതാത്തവൻ, യോഗ്യതയില്ലാത്തവൻ, അംഗീകരിക്കപ്പെടാത്തവൻ എന്നെല്ലാം അർഥമുണ്ട്. പൗലൊസ് എബ്രായ വിശ്വാസികളോട് ഇങ്ങനെ പറയുന്നതു പോലെ തോന്നുന്നു, "എബ്രായ സഹോദരന്മാരേ, നിങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾ രക്ഷിക്കപ്പെട്ടെങ്കിലും, നിങ്ങൾ നിരാകരിക്കപ്പെട്ട ഒരുവൻ അഥവാ, അംഗീകരിക്കപ്പെടാത്തവൻ ആകാനുള്ള സാധ്യതയുണ്ട്." ഈ ആശയം ലക്ഷ്യത്തിലെത്തുകയും ഒരു പ്രതിഫലമായി ഒരു സമ്മാനം നേടുകയും ചെയ്യുന്നതിനോട് ഒത്തിരിക്കുന്നു. എന്നാൽ ഒരു ഓട്ടക്കാരൻ നിരാകരിക്കപ്പെട്ടവനാകുവാനും അംഗീകരിക്കപ്പെടാതിരിക്കുവാനുമുള്ള സാധ്യതയുണ്ട്. എബ്രായർ 12-ൽ പൗലൊസ് എബ്രായ സഹോദരന്മാർക്ക് മുന്നറിയിപ്പ് നൽകുകയും, ഓട്ടം ഓടുവാൻ അവർക്ക് വലിയൊരു പ്രോത്സാഹനം നൽകിക്കൊണ്ട് അവരെ ഉത്സാഹിപ്പിക്കുകയും ചെയ്തു. അവരെപ്പോലെ നാമും വഴിയിൽ നടക്കുക മാത്രമല്ല, ഓട്ടം ഓടുകയും വേണം.